**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ. 248

20.06.2013ൽ
മറുപടിക്ക്

# തണ്ണീർത്തടങ്ങൾ നികത്തുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക് :<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ :<br>ശ്രീ.പി.കെ.ബഷീർ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) നെൽ വയലുകളും, തണ്ണീർത്തടങ്ങളും നികത്തുന്നതിനുള്ള നിരോധനം നിലവിലുണ്ടെങ്കിലും നികത്തൽ പ്രക്രിയ വൻതോതിൽ നിർബാധം നടക്കുന്ന കാര്യം ഗൗരവപൂർവ്വം വീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടിക്രമം വിശദമാക്കാമോ; | (എ) അനധികൃതമായി വയൽ നികത്തൽ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നു. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുകയും 2008 - ലെ കേരളാ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം പരിവർത്തനം ചെയ്ത സ്ഥലങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) സംസ്ഥാനം നേരിടുന്ന ശുദ്ധജല ക്ഷാമത്തിന് കുന്നുകളിടിച്ചുള്ള നിലം, ചതുപ്പുകൾ എന്നിവയുടെ നികത്തലിന് നിർണ്ണായക പങ്കുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ചില സാമൂഹ്യ രാഷ്ട്രീയ പോഷക സംഘടനകൾ, തണ്ണീർത്തട സംരക്ഷകരായി രംഗത്തു വന്നിട്ട് ഭൂമാഫിയയുമായി ഒത്തുകളിച്ച് നികത്തലിന് കൂട്ടുനിൽക്കുന്ന സ്ഥിതി വിശേഷം തദ്ദേശവാസികൾക്കു പോലും ഭീഷണിയുയർത്തുന്ന കാര്യം പരിശോധിക്കുമോ ;<br>(ഡി) സമൂഹ നിലനിൽപിനു തന്നെ ഭീഷണിയാവുന്ന ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സത്വരം സ്വീകരിക്കുമോ ? | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ